കേരള സർക്കാർ

# പ്രതിമാസ റിപ്പോർട്ട്

(ആഗസ്റ്റ് 2023)

സെപ്റ്റംബർ 2023

# ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 5 |
| ലൈഫ് മിഷൻ | 20 |
| വിദ്യാകിരണം | 24 |
| ആർദ്രം മിഷൻ | 25 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 31 |

# പ്രവർത്തന റിപ്പോർട്ട് 2023 ആഗസ്റ്റ്

വിവിധ വികസന മേഖലകളിൽ നവകേരളം കർമപദ്ധതി-II, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ 2023 ആഗസ്റ്റ് മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രത്യേക പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനു പ്രാദേശിക തലത്തിൽ വരുമാന വർധനവിനു സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

### പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| ജലസംരക്ഷണം പ്രവർത്തനങ്ങൾ | 2022 ജൂലൈ വരെ | 2023 ആഗസ്റ്റ് | ആകെ |
|---|---|---|---|
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | 166 | 41 | 207 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 13650 | 1790 | 15440 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ കിലോമീറ്ററിൽ | 22878 | 1478 | 24356 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 2361 | 126 | 2487 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 4085 | 99 | 4184 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 6894 | 171 | 7065 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 13534 | 278 | 13812 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 392 | 10 | 402 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 40902 | 1226 | 42128 |
| മാപ്പത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപ്പത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 125 | 13 | 138 |
| മാപ്പത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | | | 108 |
| നീർച്ചാൽ പാർശ്വഭിത്തി സംരക്ഷണ കയർ ഭൂവസ്ത്രം (sq mtr) | | | 3686849 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറി റീച്ചാർജുകളുടെ എണ്ണം | | | 2 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 2667 | 31 | 2698 |
| പച്ചത്തുരുത്തുകളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 806.254 | 9.185 | 815.439 |
| തരിശുരഹിത ഗ്രാമം പദ്ധതി- തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 95 |
| തരിശുരഹിത ഗ്രാമം പദ്ധതി-കൃഷി-വിസ്തൃതി | | | 18375 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ചിട്ടുള്ള വാർഡുകളുടെ എണ്ണം | | | 103 |

| | | | |
|---|---|---|---|
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 126 |
| ആരാധനാലയങ്ങളിൽ കൃഷി ചെയ്യുന്ന വിസ്തൃതി ഏക്കറിൽ | | | 119 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 62 |
| സ്ഥാപനതല കൃഷി വിസ്തൃതി (ഏക്കറിൽ ) | | | 140 |
| **ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | |
| ഹരിത ടൂറിസം ഡെസ്റ്റിടേഷനായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | 69 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | 2000 |
| ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചത് (ആഗസ്റ്റ് വരെ) | | | 436 |
| 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | | | 33974 |
| വാതിൽപ്പടി ശേഖരണം നടത്തുന്ന വീടുകളുടെ എണ്ണം (2023 ആഗസ്റ്റ് മാസം) (ലക്ഷത്തിൽ) | | | 79.92 |
| സംസ്ഥാനത്തു ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്ന സ്ഥാപനങ്ങൾ (ലക്ഷം) | | | 7.6 |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്കു കൈമാറിയ തരം തിരിച്ച പ്ലാസ്റ്റിക് (ടൺ)(ആഗസ്റ്റ് മാസം) | | | 871.133 |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്കു കൈമാറിയ നിഷ്ക്രിയ മാലിന്യം (ടൺ)(ആഗസ്റ്റ് മാസം) | | | 1266.197 |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്കു കൈമാറിയ ഇ-മാലിന്യം (ടൺ)(ആഗസ്റ്റ് മാസം) | | | 28.465 |
| യൂസർഫീ ഇനത്തിൽ വരുമാനം ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുള്ള വരുമാനം (2023 ആഗസ്റ്റ്)(കോടി) | | | 26.96 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MCFകളുടെ എണ്ണം | | | 1200 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MINI MCFകളുടെ എണ്ണം | | | 15311 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള (ആർ.ആർ.എഫ്) കേന്ദ്രങ്ങൾ | | | 138 |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് നടപ്പിലാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | | | 593 |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് വഴി എൻറോൾ ചെയ്ത കെട്ടിടങ്ങൾ (ലക്ഷം) | | | 56.5 |

## ഹരിത കേരളം മിഷൻ പ്രത്യേക പ്രവർത്തനങ്ങൾ

### 1) നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ നെറ്റ് സീറോ കാർബൺ അവസ്ഥയിലെത്താനുള്ള പ്രവർത്തനങ്ങൾക്കായി നവകേരളം കർമപദ്ധതി - I ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരെഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 85 |
| നെറ്റ് സീറോ-അംഗൻ ജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി തിരെഞ്ഞെടുത്ത അങ്കണവാടികൾ | 2211 |
| ഊർജ്ജ ഓഡിറ്റിനായി തിരെഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 629 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 22 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് വിശകലനം നടത്തി കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും കാർബൺ തുലിതാവസ്ഥ കൈവരിക്കുന്ന തിനുമുള്ള പ്രവർത്തനങ്ങളാണ് എല്ലാ ജില്ലകളിലേയും തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ നടന്നു വരുന്നത്.

ഒരു ജില്ലയിൽ നിന്ന് 5 ഗ്രാമ പഞ്ചായത്തുകൾ വീതം ആകെ 84 ഗ്രാമപഞ്ചായത്തുകളെയും 1 നഗരസഭയെയും (വടകര )തിരഞ്ഞെടുത്തിട്ടുണ്ട്.
തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങളുടെ അവലോകനവും അനുഭവവിവരണവും ഉൾപ്പെടുത്തി രണ്ട് ദിവസത്തെ ശിൽപ്പശാല സംഘടിപ്പിച്ചിട്ടുണ്ട്.

ജില്ലതലത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഈ മേഖലയിൽ പ്രവണ്യം ഉള്ളവരും സാങ്കേതിക വിദഗ്ധരും ഉൾപ്പെടുന്ന കോർ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്, തിരെഞ്ഞെടുത്ത 85 തദ്ദേശ സ്വയംഭരണ സ്ഥാപനതല തല സാങ്കേതിക വിശദീകരണ യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

തിരഞ്ഞെടുത്ത 84 ഗ്രാമപഞ്ചായത്തുകളിലും ഒരു നഗരസഭയിലെയും, സർക്കാർ/ അർദ്ധ സർക്കാർ / പൊതുമേഖല സ്ഥാപനങ്ങൾ / സഹകരണ സ്ഥാപനങ്ങൾ/ പാടശേഖരങ്ങൾ / പൊതു സ്ഥലങ്ങൾ എന്നിവയിലുള്ള കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ നടത്തിയിട്ടുണ്ട്.

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്റർ എന്ന സർക്കാർ സ്ഥാപനവുമായി യോജിച്ച് ഊർജ്ജ സംരക്ഷണ മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

അങ്കണവാടികളിൽ ഊർജ്ജ സ്വയം പര്യാപ്തത കൊണ്ടുവരുന്നതിനും ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിനും വേണ്ടിയുള്ള അംഗൻ ജ്യോതി പദ്ധതി, ഹോം എനർജി ഓഡിറ്റ്, സർക്കാർ സ്ഥാപനങ്ങളിലെ ഊർജ്ജ ഓഡിറ്റ്, വൈദ്യുത വാഹനങ്ങൾ വാങ്ങുന്നതിനുള്ള സാങ്കേതിക സഹായം, കുഞ്ഞൻ ജല വൈദ്യുത പദ്ധതി,

വിദ്യാർത്ഥികൾ, അധ്യാപകർ, വോളന്റിയർമാർ എന്നിവർക്കുള്ള പരിശീലനം എന്നിവ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

അംഗൻ ജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി നെറ്റ് സീറോ കാർബൺ പ്രൊജക്ട് നടപ്പാക്കുന്ന 85 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 2211 അങ്കണവാടികളെ തിരഞ്ഞെടുത്തു. തിരെഞ്ഞെടുത്ത 2211 അങ്കണവാടികൾക്കും പാചകത്തിനുള്ള വൈദ്യുത ഇൻഡക്ഷൻ അടുപ്പുകൾ, അനുബന്ധ പാത്രങ്ങൾ, LED ബൾബ്, BLDC ഫാൻ, ടൂ വീലർ / ത്രീ വീലർ ഇലക്ട്രിക് ചാർജിങ്ങിനുള്ള സംവിധാനം, എന്നിവ ഇ എം സി യിൽ നിന്ന് ലഭ്യമാക്കുന്നതാണ്. ആയതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചതായി ഇ എം സി (EMC )അറിയിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളുടെ ഊർജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി നിലവിൽ 629 സർക്കാർ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. തിരഞ്ഞെടുത്ത 629 സർക്കാർ സ്ഥാപനങ്ങളിലും ഊർജ്ജ ഓഡിറ്റ് ഇ എം സി നടത്തുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഒരു സർക്കാർ സ്ഥാപനത്തെ തിരഞ്ഞെടുത്തു മാതൃകാ പ്രവർത്തനങ്ങൾക്കുള്ള മോഡൽ ആയി കാണിച്ചുകൊടുക്കുവാൻ 85 സർക്കാർ സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഊർജ്ജ ഓഡിറ്റ് നടത്തി ആയത്തിലെ കണ്ടെത്തലുകൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഇ എം സി നേരിട്ട് ഈ 85 സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതാണ്.

ഒരു കിലോവാട്ട് മുതൽ പത്തു കിലോവാട്ട് വരെ ശേഷിയുള്ള കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് 22 ജല സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. സാധ്യത പഠനവും, സാങ്കേതിക സഹായവും കരാർ അടിസ്ഥാനത്തിൽ പദ്ധതിയുടെ നടത്തിപ്പും ഇഎം സി ചെയ്യുന്നതാണ്.

2) **ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ**

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ ജല സുരക്ഷാ പ്ലാനുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം നടന്നു വരുന്നു. CWRDM-ന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിയ മാർഗ്ഗരേഖ പ്രകാരം എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും കോഴിക്കോട് ജില്ലയിലെ രണ്ട് ബ്ലോക്കിലും ജല ബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

2.1) ജലബജറ്റ് പ്രവർത്തനപുരോഗതി - ജലബജറ്റ് റിപ്പോർട്ട് അവതരിപ്പിക്കാൻ നിലവിൽ 245 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡിസംബർ 31നു റിപ്പോർട്ട് പൂർത്തീകരിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു.
ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 33 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് (ആകെ 339 എണ്ണം) തയ്യാറാക്കുവാൻ സാധിക്കും എന്നത് ശ്രദ്ധേയമാണ്.

| പുരോഗതി - ആഗസ്റ്റ് | | | |
|---|---|---|---|
| രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ | പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | വിവര ശേഖരണം പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | റിപ്പോർട്ട് പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം |
| 245 | 95 | 48 | 13 |

2.2) ജലബജറ്റ്- തുടർ പ്രവർത്തനങ്ങൾ

കേരളത്തിൽ ആദ്യഘട്ടത്തിൽ പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ ജലബജറ്റ് അവതരിപ്പിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സജ്ജമാക്കിയിട്ടുണ്ട്. ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള ശ്രമകരമായ പ്രവർത്തനമാണ് നടന്നു വരുന്നത്. നൂറ്റാണ്ടിലെ ഏറ്റവും മഴ കുറഞ്ഞ വർഷമായതിനാൽ ഈ ഇടപെടലുകൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കും.

## 3) സുരക്ഷിതമാക്കാം പശ്ചിമഘട്ടം

പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി നീർച്ചാലുകളുടെ ശാസ്ത്രീയമായ മാപ്പിംഗ് "മാപ്പത്തോൺ" നടന്നു വരുന്നു.

RKI യുടെ സഹായത്തോടെയുള്ള ഈ പദ്ധതി 9 ജില്ലകളിൽ പുരോഗതിയിലാണ്.

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപ്പുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്.

ജില്ലയിൽ ഫീൽഡ് സന്ദർശനം നടത്തി നീർച്ചാലുകൾ ഓപ്പൺ സ്ട്രീം മാപ്പ് പ്രയോജനപ്പെടുത്തി അടയാളപ്പെടുത്തുകയാണ് ചെയ്യുന്നത്. ഒരു പ്രദേശത്തു താമസിക്കുന്ന ജനങ്ങളിൽ നിന്നും അവരുടെ പ്രാദേശിക ഭൂമിശാസ്ത്രപരമായ അറിവുകൾ മനസ്സിലാക്കി അവ ഭൂപടത്തിൽ കൃത്യമായി രേഖപ്പെടുത്തുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.

ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിലെയും മാപ്പത്തോൺ പ്രവർത്തനം ഒക്ടോബർ മാസത്തിൽ തന്നെ പൂർത്തീകരിക്കുവാൻ സാദ്ധ്യമാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

### 3.1) മാപ്പത്തോൺ പ്രവർത്തനപുരോഗതി - ആഗസ്റ്റ് 2023

| മാപ്പത്തോൺ- തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുരോഗതി - ആഗസ്റ്റ് | | | |
|---|---|---|---|---|
| | ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | അപ്രൂവൽ ലഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | മാപ്പത്തോൺ മൂന്നാം ഘട്ടം ആരംഭിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | പുനരുജ്ജീവിപ്പിച്ചതോട് / നീർച്ചാലിന്റെ നീളം (കിമീ) |
| 230 | 176 | 138 | 16 | 108 |

മാപ്പത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ പ്രവർത്തനങ്ങളായ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനുവേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമ പഞ്ചായത്തിലാണ് അടുത്ത ഘട്ട പ്രവർത്തനങ്ങൾ ആദ്യമായി ആരംഭിച്ചത്. നിലവിൽ മൂന്നാം ഘട്ട പ്രവർത്തനങ്ങൾ 16 ഗ്രാമ പഞ്ചായത്തിൽ നടന്നു വരുന്നു.

### 4) പച്ചത്തുരുത്തുകൾ

പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി ആഗസ്റ്റ് മാസത്തിൽ 9.185 ഏക്കർ സ്ഥലത്ത് 31 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. ഇതു ഉൾപ്പെടെ 2019 ജൂൺ മാസം മുതൽ ഇതുവരെ 815.439 ഏക്കർ സ്ഥലത്ത് 2698 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 5.2 ഏക്കർ സ്ഥലത്ത് 9 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചതാണ് റിപ്പോർട്ട് മാസത്തിൽ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം നടന്നിട്ടുള്ളത്. ആയതിൽ അട്ടപ്പാടി ബ്ലോക്കിൽ അഗളി ഗ്രാമപഞ്ചായത്തിലെ കാരുണ്യാശ്രമത്തിൽ 300 സെന്റ് സ്ഥലത്തുള്ള പച്ചത്തുരുത്താണ് ഏറ്റവും ശ്രദ്ധേയം.

| പച്ചത്തുരുത്തുകൾ | ജൂലൈ മാസം വരെ | ആഗസ്റ്റ് മാസം | ആകെ |
|---|---|---|---|
| എണ്ണം | 2667 | 31 | 2698 |
| വിസ്തൃതി (ഏക്കർ) | 806.254 | 9.185 | 815.439 |

തൃശ്ശൂർ ജില്ലയിലെ 16 കോളേജുകളിൽ വംശനാശ ഭീഷണി നേരിടുന്ന വൃക്ഷങ്ങളുടെ തൈകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഹരിത കേരളം മിഷനും, KFRI യും, കോളേജ് സമിതിയും ചേർന്നുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
വയനാട് ജില്ലയിലെ ഏറ്റവും മികച്ച പച്ചത്തുരുത്തുകളിലൊന്നായ വെങ്ങപ്പള്ളി പച്ചത്തുരുത്തിൻറെ Enrichment -മായി ബന്ധപ്പെട്ട് എം.എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനുമായി സഹകരിച്ച് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പച്ചത്തുരുത്തിൽ കണ്ടെത്തിയ 774 വിവിധയിനം ചെടികളും മരങ്ങൾക്കും ശാസ്ത്രീയനാമം, ഫാമിലി, പ്രാദേശിക പേര് എന്നിങ്ങനെ നൽകി. മുളകൾ മാത്രം 354 എണ്ണമുണ്ട്. കൂടാതെ പച്ചത്തുരുത്തിനെ പഠനകേന്ദ്രവും ഗ്രാമീണ ടൂറിസം കേന്ദ്രവും ആക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു.

കൊല്ലം ജില്ലയിൽ 74 പുതിയ പച്ചത്തുരുത്തുകൾക്കുള്ള സ്ഥലം കണ്ടെത്തി. 220 തൈകൾ തിരുവനന്തപുരം ബൊട്ടാണിക്കൽ ഗാർഡനിൽ നിന്നും ലഭ്യമാക്കിട്ടുണ്ട്.
എറണാകുളം ജില്ലയിൽ ജില്ലാ പഞ്ചായത്തുമായി സംയോജിച്ചുകൊണ്ട് MGNREGS ന്റെ സഹായത്തോടെ 24 സ്കൂളുകൾ പച്ചത്തുരുത്ത് സ്ഥാപിക്കുവാൻ തിരഞ്ഞെടുത്തിട്ടുണ്ട്. ഈ വാർഷിക പദ്ധതിയിൽ 3 ലക്ഷം രൂപ അതിനായി വകയിരുത്തിയിട്ടുണ്ട്. MGNREGS പ്രൊജക്റ്റ് ഡയറക്ടരുടെ നേതൃത്വത്തിൽ പച്ചത്തുരുത്ത് ഇല്ലാത്ത 38 ഗ്രാമപഞ്ചായത്തുകളിൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് ഹൈ സ്കൂളിനോട് അനുബന്ധിച്ച് രണ്ടേക്കർ സ്ഥലം പച്ചത്തുരുത്ത് നിർമ്മാണത്തിന് നൽകിയിട്ടുണ്ട്.

ഭാരതപുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലാ പഞ്ചായത്തിനു കീഴിലുള്ള ഹൈസ്കൂളുകളിലും ഹയർ സെക്കഡറി സ്കൂളുകളിലും പച്ചത്തുരുത്തുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

### 5) തരിശ്ശുഹരിത ഗ്രാമം &ഹരിതസമൃദ്ധി വാർഡുകൾ

2023 ജൂലൈ 26ന് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഹരിതകേരളം, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗത്തിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശ്ശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപാടികൾ തുടങ്ങിയ ഇടപെടൽ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ടു കൊണ്ടുപോകണമെന്നു നിർദേശിച്ചിട്ടുണ്ട്. അത് ഉൾക്കൊണ്ടുകൊണ്ട് കൃഷിയോഗ്യമായ

തരിശ്ശ ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്ത് തരിശുരഹിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ബ്ളോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായതിനെ തെരെഞ്ഞെടുത്തിട്ടുണ്ട്. ഡിസംബർ മാസത്തോടെ 152 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത ഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ ഇടപെടലുകൾ നടത്തുന്നുണ്ട്.

### 6) ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

- ❖ 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
- ❖ സംസ്ഥാനത്ത് ആഗസ്റ്റ് മാസം 41 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസം വരെ ആകെ 207 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ ലാബുകൾ സ്ഥാപിച്ച 162 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.
- ❖ ഓഗസ്റ്റ് മാസത്തെ 2828 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 15440 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- ❖ 327 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

### 7) ഹരിത സ്ഥാപനം

ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ച് കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 2000 തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ ഡിസംബർ 31നു മുൻപ് മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| ഹരിത സ്ഥാപനം - പ്രവർത്തന പുരോഗതി - ആഗസ്റ്റ് 2023 | |
|---|---|
| ഹരിത സ്ഥാപനമായി മാറ്റുന്നതിനു തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | 2000 |
| പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ച സ്ഥാപനങ്ങൾ | 1748 |
| നോഡൽ ഓഫീസർമാരെ നിയമിച്ച സ്ഥാപനങ്ങൾ | 751 |
| Club / Committee രൂപീകരിച്ച സ്ഥാപനങ്ങൾ | 399 |
| പരിശീലനം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ | 350 |
| ഒറ്റതവണ ഉപയോഗ സാധനങ്ങളുടെ ഉപയോഗം പൂർണമായും ഒഴവാക്കിയ സ്ഥാപനങ്ങൾ | 461 |
| മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ച സ്ഥാപനങ്ങൾ | 397 |
| മഴ വെള്ളം റീച്ചാർജ്/ സംഭരണ സംവിധാനം സ്ഥാപിച്ച സ്ഥാപനങ്ങൾ | 68 |
| പച്ചക്കറി തോട്ടം, പൂന്തോട്ടം എന്നിവ സ്ഥാപിച്ച സ്ഥാപനങ്ങൾ | 146 |
| പരിപാലനം/ മോണിറ്ററിങ് സംവിധാനം സ്ഥാപിച്ച സ്ഥാപനങ്ങൾ | 511 |
| ഓഗസ്റ്റ് മാസം വരെ ഹരിത സ്ഥാപനമായി പ്രഖ്യാപിച്ച സ്ഥാപനങ്ങൾ | 436 |

ഹരിത വിദ്യാലയം പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകളിൽ ശ്രദ്ധേയമായ പ്രവർത്തങ്ങൾ നടന്നു വരുന്നു.

❖ കൊല്ലം ജില്ലയിൽ 2023 ഡിസംബർ മാസത്തിന് മുൻപ് ജില്ലയിൽ 250 സ്കൂളുകൾ ഹരിത വിദ്യാലയം ആയി മാറ്റുന്നതിനും എല്ലാ കോളേജുകളും ഹരിതക്യാമ്പസ് ആക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്.

❖ കോഴിക്കോട് ജില്ലയിൽ ഹരിത വിദ്യാലയം ശുചിത്വ വിദ്യാലയം പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള 45 സ്കൂളുകൾക്ക് 10 സ്റ്റാർ ശുചിത്വ ഗ്രേഡിംഗ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

❖ പാലക്കാട് ജില്ലയിലെ ആദ്യത്തെ സമ്പൂർണ്ണ ജൈവ വൈവിധ്യ ഹരിതക്യാമ്പസാക്കി കൊഴിഞ്ഞാമ്പാറ കോളേജിനെ തിരഞ്ഞെടുത്തു .

❖ തൃശ്ശൂർ ജില്ലയിലെ ആദ്യ ഹരിത വിദ്യാലയമായി വടക്കാഞ്ചേരി ബ്ലോക്കിലെ വരവൂർ ഗ്രാമപഞ്ചായത്തിലെ ഗവ:എൽ.പി സ്കൂൾ വരവൂർ നെ പ്രഖ്യാപിച്ചു.ജില്ലയിൽ 81 സ്കൂളുകളെക്കൂടി ഹരിത വിദ്യാലയമാക്കി മാറ്റുന്നതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

❖ മലപ്പുറം ജില്ലയിൽ 'നവകേരളത്തിനായി ക്യാമ്പസുകൾ' എന്ന ക്യാമ്പയിൻ പരിപാടി നിലമ്പൂരിലെ അമൽ കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസിൽ ആരംഭിച്ചു

❖ കൊച്ചി നഗരസഭയിലെ വെണ്ണല എൽ പി സ്കൂളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. സ്കൂളിനെ ഹരിത സ്കൂൾ ആക്കി മാറ്റുന്നതിനുള്ള ആദ്യ ചുവടുവെപ്പാണ് നടന്നത്.

❖ വയനാട് ജില്ലയിൽ ആകെയുള്ള 32 പോലീസ് സ്റ്റേഷനുകൾ/പോലീസ് ഓഫീസുകൾ ഹരിത ഓഫീസുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി ക്യാമ്പയിൻ ആരംഭിച്ചു.

❖ ഹരിത കേരളം മിഷൻറെയും ശുചിത്വമിഷൻറെയും നേതൃത്വത്തിൽ വയനാട് ജില്ലയിൽ സിവിൽ സ്റ്റേഷനിലെ ആകെയുള്ള 40 ഓഫീസുകളിലും ജൈവമാലിന്യവും അജൈവമാലിന്യവും ഹരിതകർമസേനയ്ക്ക് യൂസർഫീ നൽകി കൈമാറുവാനുള്ള സംവിധാനം ഒരുക്കി . ഹരിതകേരളം മിഷൻറെ ഇടപെടലിലൂടെ സിവിൽ സ്റ്റേഷനിൽ മൂന്നായി തരംതിരിച്ച് നിക്ഷേപിക്കാവുന്ന വിധത്തിൽ മിനി എം.സി.എഫ് സ്ഥാപിക്കുകയുണ്ടായി.

❖ 2023 ഡിസംബർ മാസത്തിനുള്ളിൽ കൊല്ലം ജില്ലയിൽ 1000 ഓഫീസുകൾ ഹരിത ഓഫീസുകളായി മാറ്റുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്. ജില്ലയിലെ എല്ലാ കെ.എസ്.എഫ്.ഇ ബ്രാഞ്ചുകളും/ഓഫീസുകളും ഹരിത ഓഫീസ് പ്രഖ്യാപനത്തിന് തയ്യാറാണ്. ആഗസ്റ്റ് മാസം വരെ ജില്ലയിൽ 721 സർക്കാർ ഓഫീസുകളിൽ ഹരിത ഓഫീസ് പ്രവർത്തനം പുരോഗമിക്കുന്നു. പ്രവർത്തനം പൂർത്തീകരിച്ച ഓഫീസുകൾ താമസിക്കാതെ ഹരിത ഓഫീസുകളായി പ്രഖ്യാപിക്കുന്നതാണ്.

❖ കണ്ണൂർ ജില്ലയിലെ മുഴുവൻ സർക്കാർ ഓഫീസുകളും (പൊലീസ്, എക്സൈസ്, ഫയർഫോഴ്സ്, വിദ്യാലയങ്ങൾ ഉൾപ്പെടെ) സുസ്ഥിര ഹരിത ഓഫീസുകൾ എന്ന നില കൈവരിച്ചു എന്ന് ഉറപ്പു വരുത്താൻ നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഹരിത പെരുമാറ്റ ചട്ടം നിർവ്വഹണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ കാര്യാലയങ്ങളെ മൂന്നായി തരം തിരിക്കും-മികച്ച സർക്കാർ കാര്യാലയങ്ങൾ, ശരാശരി നിലവാരം പുലർത്തുന്നവ, വളരെ മോശം. മികച്ച നിലവാരം പുലർത്തുന്നവയ്ക്ക് ഒക്ടോബർ മാസം നടക്കുന്ന ചടങ്ങിൽ വെച്ച് ഹരിത ഓഫീസ് പുരസ്കാരം സമ്മാനിക്കും.

## 8) ഹരിത ടൂറിസം

കേരളത്തിന്റെ കൂടുതൽ ജനങ്ങൾ എത്തിച്ചേരുന്ന/സഞ്ചരിക്കുന്ന സ്ഥലങ്ങളിലെല്ലാം ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കേണ്ടത് അനിവാര്യമായി മാറിക്കൊണ്ടിരിക്കുകയാണ്. വിനോദ സഞ്ചാര കേന്ദ്രങ്ങളും അവിടേയ്ക്കുള്ള വഴികളും ഹരിതപെരുമാറ്റചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്.

- ❖ ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 50 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ ഡിസംബർ 31 ന മുൻപ് മാതൃക ഹരിത ടൂറിസം ഡെസ്റ്റിടേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. (നിലവിൽ 69 ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ തിരഞ്ഞെടുത്തിട്ടുണ്ട് ).
- ❖ ഹരിത ടൂറിസം ഡെസ്റ്റിടേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത് .
- ❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്.
- ❖ കൂടുതൽ വിനോദ സഞ്ചാരികൾ എത്തിച്ചേരുന്ന സ്ഥലങ്ങളോടൊപ്പം ടൂറിസം സാധ്യതയുള്ള പ്രാദേശിക വിനോദ സഞ്ചാര കേന്ദ്രങ്ങളും മുൻഗണന നല്കി മാതൃകാ ഹരിത ടൂറിസം ഡെസ്റ്റിടേഷനായി മാറ്റുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്.
- ❖ ആഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങളിൽ വിനോദ സഞ്ചാരകേന്ദ്രത്തിന്റെ അവസ്ഥ പഠനം എല്ലാ ജില്ലകളിലും നടന്നു വരുന്നു.
- ❖ വിനോദ സഞ്ചാരകേന്ദ്രത്തിന്റെ നിലവിലുള്ള സ്ഥിതി, സാധ്യത, പരിമിതി എന്നിവയും നിലവിലുള്ള പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള മുൻഗണന നിശ്ചയിക്കലും സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുവാനുള്ള ഇടപെടലുകളും ജില്ലകളിൽ നടന്നു വരുന്നു.
- ❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നല്കുന്നത്.

| ജില്ല | ഹരിത ടൂറിസം പദ്ധതിയ്ക്കായി തിരഞ്ഞെടുത്ത ടൂറിസ്റ്റ് കേന്ദ്രങ്ങൾ |
|---|---|
| തിരുവനന്തപുരം (6 എണ്ണം) | ഇടവ വെറ്റകട ബീച്ച്, കല്ലാർ പൊന്മുടി ഹരിത ഇടനാഴി, പൊന്നുംതുരുത്ത്, വെള്ളാണിക്കൽ പാറ, പൊഴിക്കര, മാണിക്കൽ താമരക്കുഷി ഫാം സായാഹ്ന കാറ്റ് |
| കൊല്ലം (8 എണ്ണം) | ചിയാൽ കുളം, ചിറ്റുമല ചിറ, ചക്കുവള്ളി ചിറ, മൺട്രോതുരുത്ത്, ആദിച്ചനെല്ലൂർ ചിറ, തെന്മല എക്കോടൂറിസം, ചെമ്പകരാമനല്ലൂർ ചിറ, ഉളവുകോട് പാറ ക്വാറി |
| പത്തനംതിട്ട (4 എണ്ണം) | അടവി എക്കോ ടൂറിസം, ഗവി, കോന്നി ആനക്കൂട്, പെരുന്തേൻനരുവി |
| ആലപ്പുഴ 6 എണ്ണം) | തണ്ണീർവനം, പുല്ലായം - ആക്കനടി, ആലപ്പുഴ ബീച്ച്, പുന്നമട, മാരാരി ബീച്ച്, പാതിരാമണൽ |
| കോട്ടയം (2 എണ്ണം) | കുമരകം ടൂറിസം കേന്ദ്രം, മാർമല അരുവി വെള്ളച്ചാട്ടം |

| | |
|---|---|
| ഇടുക്കി (8 എണ്ണം) | കുളമാവ് ഡാം, മാങ്കുളം ആനക്കുളം, മലങ്കര ഡാം, തൊമ്മൻകുത്ത്, രാമക്കൽമേട്, അഞ്ചുരുളി, പരുന്തുംപാറ, ചെങ്കുളം ബോട്ടിംഗ് |
| എറണാകുളം (3 എണ്ണം) | കുഴുപ്പിള്ളി ബീച്ച്, മുനമ്പം ബീച്ച്, ആമ്പല്ലൂർ മില്ലുങ്കൽ തോട് |
| തൃശ്ശൂർ (3 എണ്ണം) | അതിരപ്പിള്ളി, വാഴാനി, പീച്ചി |
| പാലക്കാട് (8 എണ്ണം) | മലമ്പുഴ, കാഞ്ഞിരപ്പുഴ, പോത്തുണ്ടി, മംഗലം ഡാം, വെള്ളിയാങ്കല്ല്, നെല്ലിയാമ്പതി, കൊല്ലങ്കോട് ചിങ്ങൻചിറ, വെള്ളിനേഴി കലാഗ്രാമം |
| മലപ്പുറം (3 എണ്ണം) | നിലമ്പൂർ തേക്ക് മ്യൂസിയം, പറവണ്ണ ബീച്ച്, മിനി ഊട്ടി |
| കോഴിക്കോട് (3 എണ്ണം) | ജാനകിക്കാട്, തുഷാരഗിരി, പയംകുറ്റിമല, തിരികക്കയം |
| വയനാട് (1 എണ്ണം) | എടയ്ക്കൽ ഗുഹ |
| കണ്ണൂർ (5 എണ്ണം) | കേളകം, ധർമടം ബീച്ച്, പൈതൽ മല, അഴീക്കോട് ചാൽ ബീച്ച്, നടുവിൽ പാലക്കയം തട്ട് |
| കാസറഗോഡ് (9 എണ്ണം) | ബേക്കൽ, കണ്വതീർത്ഥ, അഴിത്തല, കൈറ്റ്ബീച്ച്, പൊസടിഗുമ്പെ, കുമ്പള റൂറൽ, ചെമ്പരിക്ക കീഴൂർ, കോടി കടപ്പുറം, കാഞ്ഞങ്ങാട് ടൗൺ സ്ക്വയർ |

ഹരിത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകളിൽ ശ്രദ്ധേയമായ പ്രവർത്തങ്ങൾ നടന്നു വരുന്നു.

- ❖ കൊല്ലം **ജില്ലയിലെ** കരീപ്ര ഗ്രാമപഞ്ചായത്തിൽ ഏകദേശം 80 സെൻറ് വിസ്തൃതിയുള്ള ചിയാൽ കുളം നവീകരിച്ച് നീന്തൽ കുളമായി ഉപയോഗപ്പെടുത്തുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഹരിത ടൂറിസം പദ്ധതിയായി നടപ്പിലാക്കുന്നതിനുമായി തീരുമാനിച്ചിട്ടുണ്ട്.
- ❖ ഹരിത ടൂറിസം പദ്ധതി ആസൂത്രണം ചെയ്യുന്നതിന് വേണ്ടി നവകേരളം സംസ്ഥാന ടെക്നിക്കൽ ടീം 04/08/2023-ന് കരീപ്ര, ചക്കുവള്ളി ചിറ സന്ദർശിച്ചിരുന്നു.
- ❖ കൊല്ലം ജില്ലയിലെ ചിറ്റുമല ചിറയിൽ ഹരിത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പാടശേഖര സമിതി അംഗങ്ങൾ തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്ത് സന്ദർശിക്കുകയും താമരകൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തു.
- ❖ ചക്കുവള്ളി ചിറയിൽ കുട്ടികളുടെ പാർക്ക്, ഗാർഡൺ, പച്ചത്തുരുത്ത്, നാടൻ ഭക്ഷണ ശാല, കുട്ട വഞ്ചി സവാരി, നീന്തൽ കുളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വിവിധ ഏജൻസികളുടെ സഹായത്തോടെ നടപ്പിലാക്കുന്നതിനും ചിറയിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിനായി സരസ് മോഡലിൽ ഒരാഴ്ച നീണ്ട് നിൽക്കുന്ന മേള നടത്തുന്നതിനായും തീരുമാനിച്ചു.

**8.1) പരിഗണന ആവശ്യമായ വിഷയങ്ങൾ** - ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾക്കുള്ള ഹരിത പെരുമാറ്റച്ചട്ടത്തിന്റെ ഒരു കരട് മാർഗ്ഗരേഖ ഹരിത കേരളം മിഷൻ രൂപീകരിച്ചിട്ടുണ്ട്. കരട് മാർഗ്ഗരേഖ ടൂറിസം വകുപ്പ്, ഉത്തരവാദിത്വ ടൂറിസം മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, ഫിഷറീസ് വകുപ്പ്, വനം വകുപ്പ്, ജലവിഭവ വകുപ്പ്, എന്നീ വകുപ്പുകൾ ചർച്ച ചെയ്തു പൂർണമാക്കേണ്ടതുണ്ട്. പ്രസ്തുത വിഷയം ബഹു

മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടേണ്ട മിഷൻ അവലോകന യോഗത്തിന്റെ ഒരു അജണ്ടയായി ഹരിത കേരളം മിഷൻ സമർപ്പിച്ചിട്ടുണ്ട്.

### 9) പുഴയൊഴുകും മാണിക്കൽ

മാണിക്കൽ ഗ്രാമപഞ്ചായത്തിലെ മാമം പുഴയേയും അനുബന്ധ നീർച്ചാലുകളേയും വീണ്ടെടുക്കുകയും ഇവയോടനുബന്ധിച്ചുള്ള കൃഷിയും ഗ്രാമീണ ടൂറിസവും നടപ്പാക്കുകയും ചെയ്യുന്നതിന് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഏറ്റെടുത്തിട്ടുള്ള സമഗ്രവികസന മാതൃകാപദ്ധതിയാണ് "പുഴയൊഴുകും മാണിക്കൽ". പുഴയൊഴുകും മാണിക്കൽ പദ്ധതിയുടെ ഭാഗമായി താമരഭാഗം ഏലായിലെ 50 സെന്റിൽ താമരകൃഷി ആരംഭിച്ചു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പദ്ധതിയുടെ ഭാഗമായി വിവിധതരം പൂക്കളുടെ കൃഷി, നെൽകൃഷി എന്നിവയും നടന്നുവരുന്നു.

### 10) കബനിക്കായി വയനാട്

വയനാട് ജില്ലയിലെ 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ കബനി നദി വീണ്ടെടുക്കുന്നതിനായിട്ടുള്ള ഒരു ജനകീയ ക്യാമ്പയിന് രൂപം നൽകിയിട്ടുണ്ട്. ജലസംരക്ഷണം, മാലിന്യ സംസ്കരണം, ടൂറിസം, കൃഷി എന്നീ മേഖലകളെ കബനി നദിയുമായി ബന്ധപ്പെടുത്തി തുടർപ്രവർത്തനങ്ങൾ നടന്നു വരുന്നു

- ❖ ഈ പ്രദേശത്തെ മുഴുവൻ നീർച്ചാലുകളും മാപ്പത്തോണിൻറെ ഭാഗമായി ഡിജിറ്റൽ മാപ്പിൽ രേഖപ്പെടുത്തുന്ന പ്രവർത്തനവും ചെറുനീർച്ചാലുകൾ ശുചിയാക്കുന്ന പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നു.
- ❖ വൈത്തിരി ഗ്രാമപഞ്ചായത്തിലും പൊഴുതന ഗ്രാമപഞ്ചായത്തിലും മാപ്പതോൺ പൂർത്തിയായി.
- ❖ മാപ്പിംഗിലൂടെ കണ്ടെത്തിയ മുഴുവൻ നീർച്ചാലുകളും വീണ്ടെടുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹായത്തോടെ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.
- ❖ ജനകീയ പങ്കാളിത്തത്തോടെ പന്ത്രണ്ടാം പാലം തോട്, ചേലോട് തോട്, പൊഴുതന പഞ്ചായത്തിലെ പുലരിതോട് എന്നിവ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടക്കുന്നു .
- ❖ വൈത്തിരി പുഴയിലെ റിവർ റാഫ്റ്റിംഗ്, കുളിയിടം എന്നിവയ്ക്കുവേണ്ടി 30 ലക്ഷം രൂപ തനത് ഫണ്ടും 20 ലക്ഷം രൂപ സർക്കാർ ഫണ്ടും വകയിരുത്തിയിട്ടുണ്ട്.

### 11) കണ്ണൂർ സ്പെഷൽ സബ് ജയിലിൽ ചെറു ധാന്യകൃഷി

ഹരിത കേരളം മിഷന്റെ സഹകരണത്തോടെ "തളിര്"എന്ന പേരിൽ നടത്തുന്ന ചെറു ധാന്യകൃഷി, കരനെൽകൃഷി, ജൈവ പച്ചക്കറി കൃഷി എന്നിവയുടെ വിത്തിടൽ നടന്നു. വയനാടൻ വിത്തിനമായ വലിച്ചൂരിയിനത്തിൽ പെട്ട നെൽ വിത്ത് ആണ് കരനെൽകൃഷിക്ക് ഉപയോഗിച്ചത്.

### 12) ഓർമ്മമരം ക്യാമ്പയിൻ

നെറ്റ് സീറോ കാർബൺ ലക്ഷ്യത്തിനു വേഗത കൂട്ടാൻ കണ്ണൂർ ജില്ലയിൽ ഹരിതകേരള മിഷൻ ആവിഷ്കരിച്ച ഓർമ്മമരം ക്യാമ്പയിൻ ജില്ലയിൽ 35 തദ്ദേശ സ്വയംഭരണങ്ങളിൽ 264 ഓർമ മരങ്ങൾ നട്ട് പിടിപ്പിച്ചിട്ടുണ്ട്. വ്യക്തികൾ/ സ്ഥാപനങ്ങൾ / സംഘടനകൾ, എന്നിവയുടെ പ്രത്യേകതകളുള്ള ദിനങ്ങളിൽ നിശ്ചിത സ്ഥലങ്ങളിൽ, സ്ഥാപനങ്ങളുടെ സ്ഥലത്തൊ, സംഘടനകളുടെയോ, വ്യക്തികളുടെയോ സ്ഥലത്തൊ സ്ഥലത്തൊ വൃക്ഷങ്ങൾ നട്ടു പിടിപ്പിച്ച് ഓർമ്മ ദിനാചരണത്തിലൂടെ വൃക്ഷവൽക്കരണം പ്രോൽസാഹിപ്പിക്കാൻ ലക്ഷ്യമിട്ടാണ്

ക്യാമ്പയിൻ ആരംഭിച്ചത്. വൃക്ഷതൈകൾ നടുന്നതോടൊപ്പം സംരക്ഷണവും ഉറപ്പാക്കിയിട്ടുണ്ട്.

### 13) മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

കേരളത്തെ 2024 ഓടെ സമ്പൂർണ മാലിന്യമുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ 2023 മാർച്ച് ആരംഭിച്ച മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സംസ്ഥാനത്തു ശ്രദ്ധേയമായ മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്.

| വലിച്ചെറിയൽ മുക്ത കേരളം കാമ്പയിൻ(2023 ജനുവരി -മാർച്ച് വരെ ) | |
|---|---|
| കാമ്പയിൻ നടപ്പിലാക്കിയ പഞ്ചായത്തുകൾ | 852 |
| കാമ്പയിനിൽ വൃത്തിയാക്കിയിട്ടുള്ള സ്പോട്ടുകൾ | 9240 |
| കാമ്പയിൻ നടപ്പിലാക്കിയ LSGD വാർഡുകൾ | 9610 |
| വലിച്ചെറിയൽ മുക്തമായി പ്രഖ്യാപിച്ച LSGD കളുടെ എണ്ണം | 243 |
| കാമ്പയിനിൽ പങ്കെടുത്ത സന്നദ്ധ സേവകർ | 282909 |
| കാമ്പയിനിൽ നീക്കം ചെയ്ത മാലിന്യം (ടൺ) | 2817.2 |
| കാമ്പയിനിൽ മാലിന്യം നീക്കം ചെയ്ത് വീണ്ടെടുത്ത സ്ഥലം (sq mtr) | 6797776 |
| മാലിന്യം മുക്തം നവകേരളം കാമ്പയിനിൽ(മാർച്ച് മുതൽ) | |
| കാമ്പയിനിൽ വൃത്തിയാക്കിയിട്ടുള്ള സ്പോട്ടുകൾ | 5616 |
| അജൈവ മാലിന്യ ശേഖരണം നടത്തുന്ന വീടുകളുടെഎണ്ണം (ആഗസ്റ്റ്) | 7992485 |
| അജൈവ മാലിന്യ ശേഖരണം നടത്തുന്ന സ്ഥാപനങ്ങളുടെ എണ്ണം (ആഗസ്റ്റ്) | 767324 |
| ഹരിതകർമ്മസേനങ്ങളുടെ എണ്ണം (ആഗസ്റ്റ്) | 33974 |
| യൂസർഫീ കളക്ഷൻ (ആഗസ്റ്റ്) | 269667124 |

| മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രധാന വർദ്ധനവ് | | | |
|---|---|---|---|
| | മാർച്ച് | ആഗസ്റ്റ് | വർദ്ധനവ് |
| അജൈവ മാലിന്യ ശേഖരണം നടത്തിയ വീടുകളുടെ എണ്ണത്തിലുള്ള വർദ്ധനവ് | 5460554 | 7992485 | 2531931 |
| അജൈവ മാലിന്യ ശേഖരണം നടത്തിയ സ്ഥപനങ്ങളുടെ യൂസർഫീ കളക്ഷനിൽ വന്ന വർദ്ധനവ് | 492331 | 767324 | 274993 |
| ഹരിതകർമ്മസേന അംഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ് | 27741 | 33974 | 6233 |
| യൂസർഫീ കളക്ഷനിൽ വന്ന വർദ്ധനവ് | 176158049 | 269667124 | 93509075 |

### 14) ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷൻറെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

- 15311 മിനി മെറ്റീരിയൽ കളക്ഷൻ സെൻററുകൾ (എം. സി. എഫ്)
- 1200 മെറ്റീരിയൽ കളക്ഷൻ സെൻററുകൾ (എം. സി. എഫ്)
- 138 റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ. ആർ. എഫ്)
- 33,974 ഹരിതകർമ്മസേനാംഗങ്ങൾ.

- ❖ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്ന അജൈവ പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്നതിന് സർക്കാരിൻറെ നിയന്ത്രണത്തിലുള്ള ക്ലീൻ കേരള കമ്പനിയും മറ്റ് ചില സ്വകാര്യ ഏജൻസികളും പ്രവർത്തിച്ചുവരുന്നു.
- ❖ ആഗസ്റ്റ് മാസത്തിൽ 871.133 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും 1266.197 ടൺ നിഷ്ക്രിയ മാലിന്യങ്ങളും 28.465 ടൺ ഇ-മാലിന്യങ്ങളും 237.303 ടൺ ചില്ല് മാലിന്യവും 6 ടൺ തുണി മാലിന്യവും 15.5 കിലോഗ്രാം ആപൽക്കരമായ മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 12.727 ടൺ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുകയും ചെയ്തു.
- ❖ റിപ്പോർട്ട് മാസത്തിൽ യൂസർഫീ ഇനത്തിൽ 26.96 കോടി രൂപയുടെ വരുമാനം ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുണ്ട്.
- ❖ റിപ്പോർട്ട് മാസത്തിൽ ഒരു ഹരിത കർമ്മസേന അംഗത്തിന് 7937 രൂപ ശരാശരി പ്രതിമാസ വരുമാനമായി ലഭിച്ചതായി കണക്കാക്കുന്നു. ഇതുകൂടാതെ ക്ലീൻ കേരള കമ്പനിയ്ക്കും സ്വകാര്യ ഏജൻസികൾക്കും പാഴ് വസ്തുക്കൾ നൽകുന്നത് വഴിയും വരുമാനം ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്.
- ❖ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള 79.92 ലക്ഷം വീടുകളിൽ നിന്നും ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട് ഇത് ഏകദേശം കേരളത്തിലെ ആകെ വീടുകളുടെ 85% വരും കൂടാതെ സംസ്ഥാനത്തെ 7.6 ലക്ഷം സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മ സേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്. (വാർ റൂം ഡാറ്റ )
- ❖ മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് 593 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ❖ ആഗസ്റ്റ് മാസത്തിൽ ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 56.5 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- ❖ ജൈവ മാലിന്യശേഖരണം-ജൈവ മാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണമാണ് പ്രോത്സാഹിപ്പിക്കുന്നത്, എങ്കിലും 57 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേന വീടുകളിൽ നിന്നും ജൈവ മാലിന്യം ശേഖരിക്കുന്നുണ്ട്.
- ❖ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും റിപ്പോർട്ട് കാലയളവിൽ 37238 ടൺ അജൈവ പാഴ് വസ്തുക്കൾ ശേഖരിച്ചിട്ടുണ്ട്.

### 14.1) കോഴി അറവു മാലിന്യ പരിപാലനം - പന്നി ഫാമുകൾ മുഖേന സംസ്കരണം

റെൻഡറിങ് പ്ലാൻറുകൾ മുഖേന മാത്രം കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് എല്ലാ ജില്ലകളിലും സ്വകാര്യ പങ്കാളിത്തത്തോടെ കോഴി അറവ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള 40 റെൻററിംഗ് പ്ലാൻറുകൾ പ്രവർത്തിച്ചുവരുന്നു.

## 15) വിനോദ സഞ്ചാര മേഖലയിലെ ഇടപെടലുകൾ

### 15.1) കാനാമ്പുഴ ടൂറിസം പദ്ധതി

- ❖ പുനരുജ്ജീവന പ്രവർത്തനങ്ങളിലൂടെ വീണ്ടെടുത്ത കാനാമ്പുഴയുടെ ടൂറിസം സാധ്യതകളും കാർഷിക മേഖലയിലെ നൂതന സാധ്യതകളും നടപ്പിലാക്കി കാനാമ്പുഴയെ കണ്ണൂരിന്റെ ടൂറിസം ഐക്കണായി ഉയർത്തി കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്.

❖ കാപ്പാട് - പെരിങ്ങളായി നീർത്തടത്തിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് (നബാർഡ് 1.83 കോടി രൂപ) കൂടത്തും താഴെ ചെക്ക്ഡാം നിർമ്മാണം - (സംസ്ഥാന ബഡ്ജറ്റ് - 2 കോടി), ചൊവ്വ ചീപ്പുപാലം മുതൽ തിലാന്നൂർ വരെ സംരക്ഷണ ഭിത്തി നിർമ്മാണം, ഡിസിൽട്ടേഷൻ, നടപ്പാതനിർമ്മാണം, ചെങ്കല്ല് പതിക്കൽ, കയർ ഭൂവസ്ത്രം വിരിക്കൽ, 30 മീ. ഇടവിട്ട് സൗരവിളക്കുകൾ സ്ഥാപിക്കൽ (ഹരിത കേരളം ഫണ്ട് 4.4 കോടി) താഴെചൊവ്വ റെയിൽപാലം മുതൽ മന്ദേൻ വയൽ വരെ 635മീ തോട് സംരക്ഷണപ്രവൃത്തികൾ, ഡീസൽട്ടേഷൻ (എം.എൽ.എ.എസ്.ഡി.എഫ്-2 കോടി) എന്നിവയുടെ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. മണ്ടേൻ വയൽ മുതൽ ചീപ് പാലം വരെയുള്ള പ്രവർത്തനങ്ങൾക്ക് സാങ്കേതിക അനുമതി ലഭ്യമാക്കാനുള്ള ഇടപെടലുകൾ നടത്തും. ആദികടലായി സൗന്ദര്യവത്കരണത്തിന് ഡി പി ആർ തയ്യാറാക്കാൻ വിനോദ സഞ്ചാര വകുപ്പിനോടും ഡിടിപിസിയോടും ആവശ്യപ്പെടും.

### 15.2) കണ്ണൂർ ഹരിത - ശുചിത്വ കലക്ടറേറ്റ്

❖ കണ്ണൂർ കളക്ടറേറ്റിനെ പ്രൗഢ ഗംഭീരമാക്കാനുള്ള ശ്രമത്തിലാണ് ജില്ലാ ഭരണ കൂടവും കേരള സർക്കാരും. അത്തരമൊരു ശ്രമത്തിന്റെ ഭാഗമായി കണ്ണൂർ കളക്ടേറ്റിനെ ഹരിത - ശുചിത്വ കലക്ടറേറ്റ് ആയി മാറ്റിയെടുക്കുന്നതിനുള്ള ഊർജിതമായ ശ്രമങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കലക്ടറേറ്റിലെയും അനക്സിലെയും എല്ലാ സർക്കാർ ഓഫീസുകളിലെയും അജൈവ മാലിന്യ സംസ്കരണ സംവിധാനം ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തനം പൂർത്തീകരിച്ച് കഴിഞ്ഞു.

❖ കളക്ടറേറ്റ്, അനക്സ് എന്നീ ക്യാമ്പസുകളിൽ വളരുന്ന ഓരോ വൃക്ഷത്തിനും അതിന്റേതായ 'ഐഡന്റിറ്റി' ഉണ്ടാവുക എന്ന ലക്ഷ്യത്തോടെയാണ് വൃക്ഷങ്ങൾക്ക് QR കോഡ് ഏർപ്പെടുത്തലും, വൃക്ഷ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.
നവ കേരളം കർമ്മ പദ്ധതി രണ്ടിന്റെ ഭാഗമായ ഹരിത കേരളം മിഷനാണ് ആയതിന് മുൻകൈയെടുത്തത്. കണ്ണൂർ കളക്ടറേറ്റിലെയും അനക്സിലേയും വൃക്ഷ രജിസ്റ്ററിന്റെ പ്രകാശനവും വൃക്ഷങ്ങളിൽ ക്യൂ.ആർ. കോഡ് അടങ്ങിയ ബോർഡ് സ്ഥാപിക്കുന്നതിന്റെയും ഉദ്ഘാടനവും 2023 ആഗസ്റ്റ് രണ്ട് ബുധനാഴ്ച വൈകുന്നേരം 4.30 ന് കളക്ടറേറ്റ് അങ്കണത്തിൽ ചേർന്ന ചടങ്ങിൽ നവകേരളം കർമ്മ പദ്ധതി സംസ്ഥാന ചെയർപേഴ്സൺ ശ്രീമതി.ഡോ: ടി.എൻ. സീമ നിർവ്വഹിച്ചു.

### 16) തൃപ്പൂണിത്തുറ അത്തച്ചമയം ഹരിത ചമയം

തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റി, ഹരിത കേരളം മിഷൻ, ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ തൃപ്പൂണിത്തുറ അത്താഘോഷം ഈ തവണ ഹരിത പെരുമാറ്റ ചട്ടം പാലിച്ച് നടപ്പിലാക്കി.

❖ ഹരിത ചട്ടം എന്ന ആശയം പൊതുജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി 200 പേർ ജാഥയിൽ പങ്കെടുത്ത വിളംബര ജാഥ നടത്തി .

❖ പ്രദേശത്തെ എല്ലാ കടകളിലും ഒറ്റത്തവണ ഉപയോഗിക്കുന്ന ഉത്പന്നങ്ങളുടെ വില്പന കർശനമായി നിരോധിച്ചു, ഡിസ്പോസിബിൾ വസ്തുകളുടെ ഉപയോഗം ഒഴിവാക്കി.

❖ അത്തം ഘോഷയാത്രയുടെ ഉദ്ഘാടനം ബഹു മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. അത്തപതാക മന്ത്രി പി രാജീവ് ഉയർത്തി. കെ ബാബു എം എൽ എ

ചടങ്ങിന് അധ്യക്ഷത വഹിച്ചു. ഘോഷയാത്രയുടെ ഫ്ലാഗ് ഓഫ് നടൻ മമ്മൂട്ടി നിർവഹിച്ചു.

- ❖ വലിച്ചെറിയാതെ തിരിച്ചു തരൂ വിജയികളാകൂ എന്ന കാമ്പയിനിൽ മാലിന്യങ്ങൾ വലിച്ചെറിയാതെ പ്രത്യേകം തയ്യാറാക്കിയ കൗണ്ടറിൽ ഏൽപ്പിക്കുന്നതു വഴി നറുക്കെടുപ്പിലൂടെ നിരവധി സമ്മാനങ്ങൾ നേടാനാകുന്ന വ്യത്യസ്തമായ മാലിന്യ നിർമ്മാർജ്ജന പരിപാടി ശ്രദ്ധയാകർഷിച്ചു.
- ❖ ഗവൺമെൻറ് ആയുർവേദ കോളേജ് തൃപ്പൂണിത്തുറ, ആർ എൽ വി കോളേജ് തൃപ്പൂണിത്തുറ, ബി എഡ് സെൻറർ തൃപ്പൂണിത്തുറ, ഭൂമി, സോഷ്യൽ ക്യാപ്പിറ്റൽസ് എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ക്ലീൻ ഡ്രൈവ് സംഘടിപ്പിച്ചു. നഗരത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്തു.
- ❖ അത്തച്ചമയ ദിനത്തിൽ ഹരിത പെരുമാറ്റചട്ടത്തിന്റെ ഭാഗമായി 100 കിലോ പ്ലാസ്റ്റിക് കുപ്പികൾ ശേഖരിച്ച് കൈമാറി. അവയെ കൂടാതെ 50 കിലോ പ്ലാസ്റ്റിക് കവറുകൾ, പേപ്പറുകൾ എന്നിവയും ശേഖരിച്ച് പുനച്ചംക്രമണത്തിനു കൈമാറി.
- ❖ ഒന്നര ടൺ ജൈവ മാലിന്യം ശേഖരിച്ച് തുമ്പൂർ മുഴി മാതൃകയിൽ വളമാക്കി മാറ്റി.

# ലൈഫ് മിഷൻ

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2023 ആഗസ്റ്റിൽ ലൈഫ് മിഷൻ മുഖേന നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ചുവടെച്ചേർക്കുന്നു.

**ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ**

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 2023 ആഗസ്റ്റ് വരെ ലൈഫ് ഒന്നാം ഘട്ടത്തിലും ലൈഫ് രണ്ടാം ഘട്ടത്തിലും മൂന്നാം ഘട്ടത്തിൽ നിന്നും ഭൂമിയാർജ്ജിച്ച വിഭാഗത്തിലും പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് അഡീഷണൽ ലിസ്റ്റിൽ നിന്നുമായി 31.08.2023 വരെ 3,49,767 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് പുരോഗതി ഒറ്റനോട്ടത്തിൽ 2017 മുതൽ 31.08.2023വരെ**

| നം | ലൈഫ് മിഷൻ/ വകുപ്പുകൾ | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | ലൈഫ് ഒന്നാംഘട്ടം<br>(പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 52,680 |
| 2 | ലൈഫ് രണ്ടാംഘട്ടം<br>(ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം),<br>പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ), വിവിധ വകുപ്പുകൾമുഖേന | 2,50,781 |
| 3 | ലൈഫ് മൂന്നാംഘട്ടം<br>(ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 23,385 |
| 4 | അഡീഷണൽ ലിസ്റ്റ് (എസ്സി/എസ്.ടി/ ഫിഷറീസ്) | 22,278 |
| 5 | ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 643 |
| ആകെ | | 3,49,767 |

**ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി 2023-24 വർഷത്തെ പുരോഗതി വിശദാംശം**
**വ്യക്തിഗത ഭവനങ്ങൾ**

- ഈ സർക്കാരിൻറെ കാലയളവിൽ 87,116 ലൈഫ് ഗുണഭോക്തൃ കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
- 1,16,541 വീടുകൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

**ഭൗതികനേട്ടം - 2023 ആഗസ്റ്റ്**
വ്യക്തിഗത ഭവനങ്ങൾ

- 1268 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു.
- 4799 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

**ലൈഫ് 2020- പുരോഗതിവിശദാംശം**

- ഭൂമിയുള്ള ഭവനരഹിതർ = 3,68,507
- ഭൂരഹിത ഭവനരഹിതർ = 1,97,201
- **ആകെ** = 5,65,708

**അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ**

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ അതിദരിദ്ര്യർക്ക് ലൈഫ് മിഷൻ മുഖേന ലഭ്യമാക്കിയ സേവനങ്ങളെ സംബന്ധിച്ചുള്ള വിവരം.

വീടില്ലാത്തവരും ഭൂമിയും വീടുമില്ലാത്തവരുമായ അതിദരിദ്രർക്ക്, അവർ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരാണെങ്കിൽ മുൻഗണന നൽകിയും, ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്തവരാണെങ്കിൽ അവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയും ഗവൺമെൻറ് പ്രത്യേകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭവനനിർമ്മാണത്തിനായി കരാർവെച്ച 2842 ഗുണഭോക്താക്കളിൽ 83 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി ലഭിച്ച ഗുണഭോക്താക്കളിൽ 4,415 ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന 1,255 ഗുണഭോക്താക്കളുടെ റേഷൻ കാർഡ് നമ്പരുൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്.

**ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവർക്ക് ആനുകൂല്യം നൽകി തുടങ്ങി.**

2018-ലും 2022-ലും വായ്പകൾ അനുവദിക്കുന്നതിനായിലൈഫ് മിഷൻ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് കൈമാറിയിട്ടുള്ള ഗുണഭോക്തൃ പട്ടികകളിലെ ഫണ്ടഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് പകരം, ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ അർഹിക്കുന്നവർക്ക് ഭവനനിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം 2023 ആഗസ്റ്റ് വരെ 60,346 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

**ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്**

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 43240 | 5511 |
| കൊല്ലം | 33675 | 4587 |
| പത്തനംതിട്ട | 10399 | 3727 |
| ആലപ്പുഴ | 30512 | 4381 |
| കോട്ടയം | 17394 | 4102 |
| ഇടുക്കി | 26299 | 1446 |
| എറണാകുളം | 23345 | 3379 |
| തൃശ്ശൂർ | 27916 | 4297 |
| പാലക്കാട് | 57949 | 5037 |
| മലപ്പുറം | 33631 | 11218 |
| കോഴിക്കോട് | 20894 | 5080 |
| വയനാട് | 17322 | 1440 |
| കണ്ണൂർ | 12236 | 3688 |
| കാസർഗോഡ് | 14450 | 2453 |
| **ആകെ** | **369262** | **60346** |

**മനസ്സോടിത്തിരിമണ്ണ്**

മനസ്സോടിത്തിരിമണ്ണ് ക്യാമ്പയിന്റെ ഭാഗമായി 2023 ആഗസ്റ്റ് മാസം വരെ 2455.721 സെൻറ് ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1346.487 സെൻറ് ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകികഴിഞ്ഞു. ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഒരു

കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു.

**ഭവനസമുച്ചയ നിർമ്മാണ പുരോഗതി**

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനഃരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച 29 ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 23 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. വിശദാംശം ചുവടെച്ചേർക്കുന്നു. 2 ഭവനസമുച്ചയങ്ങളുടെ കരാർ റദ്ദ് ചെയ്തിട്ടുണ്ട്.

**നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയ ഭവനസമുച്ചയങ്ങൾ** -4

1) കണ്ണൂർ ജില്ല - കടമ്പൂർ
2) കോട്ടയം ജില്ല - വിജയപുരം
3) ഇടുക്കി ജില്ല - കരിമണ്ണൂർ
4) കൊല്ലം ജില്ല - പുനലൂർ

**ഭവനസമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി**

| ഭവനസമുച്ചയങ്ങൾ | നിലവിലെ അവസ്ഥ |
|---|---|
| പാലക്കാട്-ചിറ്റൂർ - തത്തമംഗലം (അർബൻ) - 42 യൂണിറ്റുകൾ | Structure വർക്കുകൾ അവസാന ഘട്ടത്തിൽ.<br>ചുമരിലെ Board Fix ചെയ്യുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു. |
| കണ്ണൂർ - കണ്ണപുരം (അർബൻ) - 32 യൂണിറ്റുകൾ | രണ്ട് ബ്ലോക്കുകളിലും ഒന്നാം നിലയുടെ Structural പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| പത്തനംതിട്ട - പന്തളം (അർബൻ) - 44 യൂണിറ്റുകൾ | ബ്ലോക്ക് എ - ഫൗണ്ടേഷൻ പൂർത്തീകരിച്ചു.<br>ബ്ലോക്ക് ബി - Structure-ന്റെ prefabrication പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>28.05.2023-ന് ശേഷം നിർമ്മാണ പ്രവൃത്തികൾ നടക്കുന്നില്ല. |
| കണ്ണൂർ - ആന്തൂർ (അർബൻ)-44 യൂണിറ്റുകൾ | ഫൗണ്ടേഷൻ കഴിഞ്ഞുള്ള പ്രവൃത്തികൾ ആരംഭിച്ചിരുന്നു.<br>10.06.2023-ന് ശേഷം നിർമ്മാണം നടക്കുന്നില്ല. |
| കണ്ണൂർ- പയ്യന്നൂർ (അർബൻ) - 44 യൂണിറ്റുകൾ | കോൺക്രീറ്റ് ഫൗണ്ടേഷൻ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.<br>18.04.2022 മുതൽ പണികൾ നടക്കുന്നില്ല. നോട്ടീസ് നൽകിയിട്ടുണ്ട്. |
| ഇടുക്കി - കട്ടപ്പന (അർബൻ)-44 യൂണിറ്റുകൾ | ഒന്നാം നിലയുടെ സ്ലാബ് കോൺക്രീറ്റിംഗിനായുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. |
| എറണാകുളം - കൂത്താട്ടുകുളം (അർബൻ) - 36 യൂണിറ്റുകൾ | ഗ്രൗണ്ട് ലെവലിങ്ങ് ആരംഭിച്ചിരുന്നു.<br>പാർശ്വഭിത്തി നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചു.<br>ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഒരാഴ്ചയ്ക്കകം ഭവനസമുച്ചയ നിർമ്മാണം ആരംഭിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. |
| കാസർഗോഡ് - ചെമ്മനാട് - 44 യൂണിറ്റുകൾ | Structure വർക്കുകൾ പൂർത്തീകരിച്ചു.<br>ചുമരിലെ Board Fix ചെയ്യുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു. |
| കോഴിക്കോട് - ചാത്തമംഗലം - 42 യൂണിറ്റുകൾ | ഒന്നാം നിലയുടെ Structure വർക്കുകൾ പുരോഗമിക്കുന്നു. |

| | |
|---|---|
| പത്തനംതിട്ട - ഏനാത്ത് - 56 യൂണിറ്റുകൾ | ബ്ലോക്ക് - 1 - Structure വർക്കുകൾ അവസാനഘട്ടത്തിൽ. ബ്ലോക്ക് - 2- തറനിരപ്പുവരെയുള്ള നിർമ്മാണം പൂർത്തിയായി. |
| ആലപ്പുഴ - മണ്ണഞ്ചേരി - 28 യൂണിറ്റുകൾ | ഫൗണ്ടേഷൻ കഴിഞ്ഞു. മുകളിലോട്ടുള്ള Frame Work-നുള്ള നിർമ്മാണം പുരോഗതിയിലാണ്. |
| വയനാട് - പൂതാടി - 42 യൂണിറ്റുകൾ | മണ്ണിന്റെ ബലക്കുറവ് കാരണം പറഞ്ഞ് കരാറുകാരൻ പ്രവർത്തി നിർത്തിയിരിക്കുകയാണ്. കരാറുകാരന്റെ വാദം തെറ്റാണെന്ന് തെളിഞ്ഞിട്ടുണ്ട്. നോട്ടീസ് നൽകിയിട്ടുണ്ട്. |
| എറണാകുളം - അയ്യംപുഴ - 44 യൂണിറ്റുകൾ | ഫൗണ്ടേഷൻ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. Structural നിർമ്മാണത്തിനുള്ള LGSF-ൻറെ prefabrication പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| തൃശ്ശൂർ - കാറളം - 72 യൂണിറ്റുകൾ | ബ്ലോക്ക് എ - ഗ്രൗണ്ട് ഫ്ളോറിന്റെ Structural പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>ബ്ലോക്ക് ബി - ഫൗണ്ടേഷൻ പ്രവർത്തികൾ അവസാനഘട്ടത്തിൽ. |
| കോട്ടയം - മിറായികുന്ന് - തലയോലപ്പറമ്പ് - 36 യൂണിറ്റുകൾ | ഫൗണ്ടേഷൻ പണികൾ നടന്നുവരികയായിരുന്നു. 02.05.2022-ന് ശേഷം പ്രവൃത്തികൾ നടക്കുന്നില്ല. നോട്ടീസ് നൽകിയിട്ടുണ്ട്. ഒരാഴ്ചയ്ക്കകം നിർമ്മാണം തുടങ്ങുമെന്ന് അറിയിച്ചിട്ടുണ്ട്. |
| തിരുവനന്തപുരം - മടവൂർ - 36 യൂണിറ്റുകൾ | ഫൗണ്ടേഷൻ പ്രവർത്തികൾ അവസാനഘട്ടത്തിൽ. |
| കോഴിക്കോട് - നടുവണ്ണൂർ - 72 യൂണിറ്റുകൾ | ബ്ലോക്ക് 1 & 2 - ഫൗണ്ടേഷൻ പ്രവർത്തികൾ ഭാഗികമായി ചെയ്തിട്ടുണ്ട്.<br>17.03.2022 മുതൽ നിർമ്മാണം നടക്കുന്നില്ല. നോട്ടീസ് നൽകിയിട്ടുണ്ട്. |
| കണ്ണൂർ - ചിറയക്കൽ - 36 യൂണിറ്റുകൾ | ഫൗണ്ടേഷൻ പ്രവർത്തികൾ പുരോഗമിക്കുന്നു |
| കൊല്ലം - തഴമേൽ - അഞ്ചൽ - 63 യൂണിറ്റുകൾ (ഏ+6) | മൂന്ന് നിലകളുടെ സ്ലാബ് കോൺക്രീറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. നാല്, അഞ്ച് നിലകളുടെ Structure നിർമ്മാണം പുരോഗമിക്കുന്നു. |
| മലപ്പുറം - ആലംകോട് - 36 യൂണിറ്റുകൾ | ഫൗണ്ടേഷൻ കഴിഞ്ഞു. ഒന്നാം നിലയുടെ സ്ലാബ് കോൺക്രീറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്.<br>മുകളിലോട്ടുള്ള നിർമ്മാണത്തിനുള്ള സാധന സാമഗ്രികൾ എത്തിയിട്ടില്ല. 15 ദിവസത്തിനകം എത്തുമെന്ന് അറിയിച്ചിട്ടുണ്ട്. |
| പാലക്കാട്-കൊടുമ്പ് - 36 യൂണിറ്റുകൾ | ഒന്നാം നിലയുടെ സ്ലാബ് കോൺക്രീറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം നിലയുടെ Structural പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| ഇടുക്കി -കാഞ്ചിയാർ - 44 യൂണിറ്റുകൾ | ഫൗണ്ടേഷൻ നിർമ്മാണം പുരോഗമിക്കുകയാണ് |
| ഇടുക്കി - വാത്തിക്കുടി - 28 യൂണിറ്റുകൾ | ഒന്നാം നിലയുടെ സ്ലാബ് കോൺക്രീറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. മുകളിലേക്കുള്ള നിർമ്മാണത്തിനുവേണ്ട സാധന സാമഗ്രികൾ എത്തേണ്ടതുണ്ട്. |

# വിദ്യാകിരണം

ജില്ലാ കോഡിനേറ്റർ മാരുമായി രണ്ടുതവണ ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിച്ചു. ഭൗതികസൗകര്യ വികസനം സംബന്ധിച്ച് കെ എം ബി ആർ /കെ പി ബി ആർ ചർച്ച ചെയ്തു. ഭൗതിക സൗകര്യ വികസനങ്ങൾ സംബന്ധിച്ച് തയ്യാറാക്കപ്പെട്ട സ്കൂൾ പട്ടികയിലൊന്നും ഇതുവരെ ഉൾപ്പെടാത്തതും പ്രത്യേക പരിഗണന ആവശ്യമായതുമായ സ്കൂളുകളുടെ പട്ടിക തയ്യാറാക്കാൻ ജില്ലാ കോഡിനേറ്റർമാർക്ക് അറിയിപ്പുകൾ കൊടുത്തു.

**ഭൗതിക സൗകര്യ വികസനം**

തിരുവനന്തപുരം ജില്ലയിൽ എം യു പി എസ് ഇടവ സ്കൂൾ ഓഗസ്റ്റ് മാസം മൂന്നാം തീയതി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയും തൃശ്ശൂർ ജില്ലയിൽ പട്ടിക്കാട് ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ ബഹു. റവന്യൂ മന്ത്രി കെ രാജൻ ഓഗസ്റ്റ് പതിനാലാം തീയതിയും ഉദ്ഘാടനം നിർവഹിച്ചു. തിരുവനന്തപുരം ജില്ലയിൽ ജി എൽ പി എസ് പനയറ സ്കൂളിന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി തറക്കല്ലിടൽ നിർവഹിച്ചു.

**സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം**

ഓഗസ്റ്റ് 5,6 തീയതികളിൽ സംസ്ഥാനതല കർമ്മസമിതി യോഗ തീരുമാനങ്ങൾ സംബന്ധിച്ച് തുടർനടപടി യോഗം ഓഫീസിൽ നടന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറിന്റെ അധ്യക്ഷതയിൽ നടന്ന ചർച്ചയിൽ എസ് എസ് കെ, സീമാറ്റ്, കൈറ്റ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുത്തു. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിരൂപരേഖയിൽ ആവശ്യമായ ഭേദഗതികളും കൂട്ടിച്ചേർക്കലുകളും വരുത്തുകയുണ്ടായി.

**ശിശു സൗഹൃദ ഗണിതശാസ്ത്ര പഠനം**

ഗണിതപഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ കേരള സർക്കാർ കെ ഡിസ്കുമായി സഹകരിച്ച് വികസിപ്പിച്ചെടുത്ത മഞ്ചാടി പഠനരീതി സംസ്ഥാനത്തെ 101 വിദ്യാലയങ്ങളിൽ ഗവേഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നു.

സംസ്ഥാനത്തെ 30 മോഡൽ റസിഡൻഷ്യൽ സ്കൂളിലുമാണ് ഈ വർഷം പദ്ധതി നടപ്പിലാക്കുന്നത്. സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിലാണ് നിർവഹണം. അക്കാദമിക നേതൃത്വം എസ് സി ഇ ആർ ടി ക്കാണ്.

# ആർദ്രം മിഷൻ

**ഹെൽത്തി ലൈഫ് ക്യാമ്പയിൻ**

ജീവിതശൈലീ രോഗങ്ങൾ, മാനസികാരോഗ്യം, വയോജന ആരോഗ്യവും ക്ഷേമവും, പകർച്ചവ്യാധി നിയന്ത്രണം, രോഗ നിവാരണം എന്നീ മേഖലകളിൽ ശീലവൽക്കരണം നടത്തുവാനും അത് വഴി ജീവിതശൈലീ രോഗങ്ങളുടേയും പകർച്ചവ്യാധികളുടേയും പ്രാചുര്യം കുറയ്ക്കാനും ലക്ഷ്യമിട്ടുള്ള ക്യാമ്പയിനുകൾ നടന്ന് വരുന്നു. അതോടൊപ്പം നവകേരളം കർമ്മ പദ്ധതിയിലെ മറ്റ് മിഷനുകളുമായി യോജിച്ചുള്ള വിവിധ തരം ക്യാമ്പയിൻ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്നതിലേക്കുള്ള ചർച്ച പുരോഗമിക്കുന്നു.

വയനാട് ജില്ലയിൽ ആരംഭിച്ച ഹരിതം ആരോഗ്യം, ആർദ്ര വിദ്യാലയം എന്നീ ക്യാമ്പയിനുകളും ഇടുക്കി ജില്ലയിൽ ആരോഗ്യജീവനം ക്യാമ്പയിനും മറ്റ് വകുപ്പുകളുമായി ചേർന്ന് പ്രവർത്തനം തുടർന്ന് വരുന്നു.

**നിർമ്മാണ പ്രവർത്തനങ്ങൾ**

**ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ**

❖ ആർദ്രം മിഷന്റെ ആദ്യ ഘട്ടത്തിൽ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യാൻ ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 644 സ്ഥാപനങ്ങളെ പൂർണമായും പരിവർത്തനം ചെയ്തു കഴിഞ്ഞു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ 72 സ്ഥാപനങ്ങളിൽ പുരോഗമിക്കുന്നു.

❖ സംസ്ഥാനത്ത് 152 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിൽ 49 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബ്ലോക്ക് ലെവൽ കുടുംബകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ 43 സ്ഥാപനങ്ങളിൽ നടന്നു വരുന്നു.

❖ 2018-19, 2019-20, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ മൂന്ന് ഘട്ടങ്ങളായി 43 താലൂക്ക് ആശുപത്രികൾ ഒപി പരിവർത്തനത്തിനായി തിരഞ്ഞെടുക്കപ്പെട്ടു. താലൂക്കാശുപത്രികളുടെ നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ താഴെ ചേർക്കുന്നു.

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| ഒന്നാം ഘട്ടം | 8 | 6 | 0 |
| രണ്ടാം ഘട്ടം | 27 | 5 | 15 |
| മൂന്നാം ഘട്ടം | 8 | - | 6 |

**ജനകീയ സേവന പ്രവർത്തനങ്ങൾ**

**വാർഷിക പരിശോധനാ പദ്ധതി - അൽപം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ**

❖ 30 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾ സ്ക്രീൻ ചെയ്യാൻ ഒരു സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക പരിശോധനാ പദ്ധതിയിൽ, 01/08/23 മുതൽ 31/08/2023 വരെ 1,29,065 വ്യക്തികളെ സ്ക്രീൻ ചെയ്ത് കഴിഞ്ഞു. ഇതിൽ 8,431 (6%) പേർക്ക് ക്യാൻസർ സാധ്യത ഉള്ളതായും, 16,752 (13%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ളതായും, 486 (.4%) പേർക്ക് ക്ഷയരോഗ

സാധ്യത ഉള്ളതായും, 2,015 (1.6%) പേർക്ക് മറ്റ് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യത ഉള്ളതായും കണ്ടെത്തി കൂടുതൽ പരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ട്.

❖ നിലവിൽ രക്താതിമർദ്ദമുള്ള 11,942 (9.2%) പേരുടേയും പ്രമേഹമുള്ള 8,912 (7%) പേരുടേയും പ്രമേഹവും രക്താതിമർദ്ദവുമുള്ള 3,753 (3%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ്പ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
❖ സ്ക്രീനിംഗ് വഴി രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണ്ണയം നടത്താനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടന്ന് വരുന്നു. ശൈലി ആപ്പ് ഉപയോഗിച്ച് സർവേ നടത്തുവാനുള്ള പരിശീലനം എല്ലാ ജില്ലകളിലേയും ആശമാർക്ക് നൽകിയിട്ടുണ്ട്.
❖ പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ള വ്യക്തികളുടെ സ്ക്രീനിംഗ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തി രക്തത്തിലെ പഞ്ചസാരയുടെ അളവും രക്തസമ്മർദ്ദവും രേഖപ്പെടുത്തുവാനുള്ള സംവിധാനം ശൈലി ആപ്പിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയ സ്ക്രീനിങ്ങിലൂടെ പുതിയതായി 17978 പേർക്ക് പ്രമേഹവും 100820 പേർക്ക് രക്താതിമർദ്ദവും കണ്ടെത്തിയിട്ടുണ്ട്.
❖ വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലുള്ള മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള മുഴുവൻ വ്യക്തികളുടേയും സർവേ പൂർത്തിയാക്കി.

**ജില്ലാ ക്യാൻസർ കൺട്രോൾ പദ്ധതി**

**പ്രവർത്തനങ്ങൾ**

❖ വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ ക്യാൻസർ സാധ്യതയുള്ളവരുടെ വിവരങ്ങൾ ശൈലി ആപ്പ് വഴി ശേഖരിച്ചു വരുന്നു. ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതൽ ഉള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ചു ജില്ലയിലെ ലാബുകളിൽ അയച്ചു രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
❖ റീജണൽ ക്യാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലെ ആശുപത്രികളെ ബന്ധിപ്പിച്ചു ക്യാൻസർ ഗ്രിഡ് സംവിധാനം ഒരുക്കുവാനുള്ള രൂപരേഖ തയ്യാറായിട്ടുണ്ട്.
❖ ക്യാൻസർ കൺട്രോൾ പദ്ധതിയുടെ കരട് മാർഗ്ഗരേഖ ബഹു: ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ക്യാൻസർ ബോർഡ് യോഗം അംഗീകരിച്ചു.
❖ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി ക്യാൻസർ കെയർ പോർട്ടൽ ഇഹെൽത്ത് വികസിപ്പിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ 299 വ്യക്തികളുടെ കൂടി രജിസ്ട്രേഷൻ പൂർത്തിയായതോടെ, ഈ പോർട്ടൽ വഴി നടത്തുന്ന രജിസ്ട്രേഷനുകളുടെ എണ്ണം 22925 ആയി.

**നിർണയ - ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്വർക്ക്**

**പ്രവർത്തനങ്ങൾ**

❖ എറണാകുളം, മലപ്പുറം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നെറ്റ്വർക്കിംഗ്

സംവിധാനം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ പൂർണതോതിലും മറ്റ് മൂന്ന ജില്ലകളിൽ ഭാഗികമായും പദ്ധതി നടപ്പിലാക്കി വരുന്നു.

❖ കോട്ടയം ജില്ലയിൽ ക്യാൻസർ ചികിത്സയുമായി ബന്ധപ്പെട്ട പരിശോധനകൾ പൈലറ്റ് അടിസ്ഥാനത്തിൽ ഹബ് ആന്റ് സ്പോക്ക് സംവിധാനം വഴി ആരംഭിച്ചു.
❖ കണ്ണൂർ ജില്ലയിലെ ഇരുവേലി ബ്ലോക്കിൽ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.
❖ അഞ്ച് ജില്ലകളിൽ, ആഗസ്റ്റ് മാസത്തോടെ പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.
❖ വൺ ഹെൽത്ത് പദ്ധതിയോടനുബന്ധിച്ച് ഗ്യാപ് അനാലിസിസ് പൂർത്തിയാക്കിയ ലബോറട്ടറികളിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ പ്രവർത്തന മാർഗരേഖ 2023 ജൂലൈയിൽ പുറപ്പെടുവിച്ചു. ലാബ് മാനേജ്മെൻറ് കമ്മിറ്റി മാർഗരേഖ പൂർത്തിയാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സ്റ്റേറ്റ്/റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് ഡെവലപ്മെന്റ്, ലാബ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനമായിട്ടുണ്ട്.

**വയോജന-സാന്ത്വന പരിചരണം**

**പ്രവർത്തനങ്ങൾ**

❖ പാലിയേറ്റീവ് കെയർ പോളിസിയുടെ ഓരോ ഘടകങ്ങളും പ്രവർത്തനക്ഷമമാക്കുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരുമായി ചർച്ച ചെയ്തു വിശദമായ പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ബഹു: ആരോഗ്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഉന്നതാധികാര സമിതിക്ക് സമർപ്പിച്ചിരുന്നു. സമിതി അംഗീകരിച്ച പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ 2023 ജൂലൈയിൽ പുറപ്പെടുവിച്ചു.
❖ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ പാലിയേറ്റീവ് കെയറിനായി വകയിരുത്തിയ അഞ്ച് കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
❖ പാലിയേറ്റീവ് കെയർ ജില്ലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാനും, ആയുർവേദ, ഹോമിയോ ചികിത്സാ ശാഖകളുടെ സാധ്യതകൾ കൂടി സാന്ത്വന പരിചരണ രംഗത്ത് ഉപയോഗപ്പെടുത്താനും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന Community Based Organisations (CBOs) ന് അക്രഡിറ്റേഷൻ നൽകുവാനും കൂടി ബജറ്റ് വിഹിതം ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
❖ 1/08/2023 മുതൽ 31/08/2023 വരെയുള്ള കണക്ക് പ്രകാരം 1,29,065 പേരുടെ സ്ക്രീനിംഗ് പൂർത്തിയായതിൽ, 908 കിടപ്പുരോഗികളും 1274 ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 36493 വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകന്റെ സേവനം ലഭ്യമാക്കുവാനും സാധിക്കുന്നതാണ്.
❖ സന്നദ്ധസേന പോർട്ടൽ വഴി സാന്ത്വന പരിചരണത്തിൽ താൽപ്പര്യമുള്ള വോളന്റിയർമാരെ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് യോഗം സംഘടിപ്പിച്ചു.

യോഗത്തിൽ NHM സ്റ്റേറ്റ് മിഷൻ ഡയറക്ടർ, സന്നദ്ധ സേന ഡയറക്ടർ തുടങ്ങിയവർ പങ്കെടുത്തു.

- ❖ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനായി ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു.

**ഏകാരോഗ്യ സമീപനം (One Health Initiative)**

കേരള പുനർനിർമ്മാണ പദ്ധതിയുടേയും (RKI) ലോക ബാങ്കിന്റെയും സഹായത്തോടെ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് വൺ ഹെൽത്ത്.

**പ്രവർത്തനങ്ങൾ**

സംസ്ഥാന തലത്തിൽ സെന്റർ ഫോർ വൺ ഹെൽത്ത് സ്ഥാപിക്കുന്നതിനും ജില്ലാ തലത്തിൽ District Programme Management & Support Unit (DPSU)-കളും സ്ഥാപിക്കാൻ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു. State Health Systems Resource Centre (SHSRC) ആയിരിക്കും ഇതിന്റെ മാനേജ്മെന്റ് ഏജൻസി. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നോഡൽ ഓഫീസർമാരെ ഉൾപ്പെടുത്തി ലൈൻ ഡിപ്പാർട്ട്മെന്റ് തലത്തിൽ വൺ ഹെൽത്ത് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് വകുപ്പ് മേധാവികളുടെ യോഗം ചേർന്ന് തീരുമാനമെടുത്തു.

താഴെപ്പറയുന്ന സംവിധാനങ്ങൾ സ്ഥാപിക്കാൻ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

- ❖ സംസ്ഥാന തല വൺ ഹെൽത്ത് കമ്മറ്റി
- ❖ ജില്ലാതല വൺ ഹെൽത്ത് കമ്മറ്റി
- ❖ തദ്ദേശസ്വയംഭരണ സ്ഥാപന തല വൺ ഹെൽത്ത് കമ്മറ്റി
- ❖ ലൈൻ ഡിപ്പാർട്ട്മെന്റ് തല വൺ ഹെൽത്ത് കമ്മറ്റിയും നോഡൽ ഓഫീസർമാരും

വൺ ഹെൽത്ത് പ്രോഗ്രാമിനെ നവകേരളം കർമ്മപദ്ധതി - 2 മായി സംയോജിപ്പിക്കുകയും നാല് ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തു. ജില്ലാ തലത്തിൽ വൺ ഹെൽത്തിന്റെ പൂർണമായ ഭരണച്ചുമതല അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്കാണ്.

**ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)**

**പ്രവർത്തനങ്ങൾ**

- ❖ ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധത്തിലും ആരോഗ്യ വർദ്ധക പ്രവർത്തനങ്ങളിലും, സാന്ത്വന പരിചരണത്തിലും വിവിധ ചികിത്സാ രീതികളുടെ ഏകോപനം സാധ്യമാക്കാനുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവിധ ചികിത്സാ ശാഖകളിലെ ഡോക്ടർമാരുടെ യോഗം നടത്തി. തുടർ ശില്പശാലകൾ നടത്തി ഏതൊക്കെ മേഖലകളിൽ ഏകോപനം സാധ്യമാകുമെന്ന് കണ്ടെത്താൻ തീരുമാനിച്ചു.
- ❖ IAV, IGIB, RGCB, NIV തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ❖ ഇതിനായി SHSRCയിൽ എത്തിക്ക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.
- ❖ ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി

ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

❖ ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് സർവീസസ് (ഡിഎച്ച്എസ്) ലെയും , സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിലെയും ജീവനക്കാർക്ക് വേണ്ടി ഒരു പ്രൊപ്പോസൽ റൈറ്റിംഗ് വർക്ക്ഷോപ്പ് നടത്തി.
❖ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി ഒരു റിസർച്ച് മെത്തഡോളജി വർക്ക്ഷോപ്പ് നടത്തി.
❖ ആരോഗ്യ വകുപ്പിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന ഗവേഷണങ്ങളുടെ വിശദ വിവരങ്ങൾ ശേഖരിക്കുവാനും, ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കും മറ്റ് ഗവേഷകർക്കും വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.
❖ SHSRC നിലവിൽ 7 ഗവേഷണ രൂപരേഖകൾ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന് (ICMR) സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 5 എണ്ണം SHSRC യുടെ സ്വന്തം ഗവേഷണങ്ങളും രണ്ടെണ്ണം സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് ആൻഡ് മെഡിക്കൽ എജ്യുക്കേഷനുമായി ചേർന്ന നടത്തുന്ന ഗവേഷണങ്ങളുമാണ്. ഇതുമായി ബന്ധപ്പെട്ട് ഐസിഎംആർ ജീവനക്കാരുമായി പ്രാഥമിക ഓൺലൈൻ മീറ്റിംഗുകളും നടത്തി.
❖ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി (KSACS) സഹകരിച്ച് 4 ഗവേഷണങ്ങളും നാഷണൽ ഹെൽത്ത് മിഷനുമായി (NHM) സഹകരിച്ച് ഒരു ഗവേഷണവും നടന്നു വരുന്നു.

**സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)**

സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും കുറഞ്ഞത് പത്ത് കിടക്കകൾ വീതമെങ്കിലും ഉള്ള ഐസൊലേഷൻ വാർഡുകൾ ഉണ്ടാക്കുന്നതിലേക്ക് 95 സ്ഥാപനങ്ങളിൽ നിലവിൽ സൈറ്റ് തയ്യാറാണ്. ഇതിൽ 82 സ്ഥലങ്ങളിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 10 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞു. നിലവിൽ 15 സ്ഥാപനങ്ങൾ ഉദ്ഘാടനത്തിന് സജ്ജമാവുകയും 58 സ്ഥാപനങ്ങളിൽ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| 26/07/2021-ലെ GO(Rt) No.1555/2021/H&FWD പ്രകാരം തിരഞ്ഞെടുക്കപ്പെട്ടവ | 140 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 10 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് സജ്ജമായവ | 15 |
| നിർമ്മാണം പുരോഗമിക്കുന്നവ | 57 |

**ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ**

കേരളത്തിലെ എല്ലാ ആരോഗ്യ ഉപകേന്ദ്രങ്ങളേയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യാൻ സർക്കാർ തീരുമാനിച്ചു. ജനകീയ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിക്കും. ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടു കൂടി സംഘടിപ്പിക്കുക എന്നതാണ് ക്ലബ്ബിന്റെ പ്രധാന ലക്ഷ്യം.

പൊതുജനങ്ങളുടെ വ്യായാമ ശീലം കൂട്ടുക, പൊതുജനങ്ങളുടെ ആഹാര ശീലം ആരോഗ്യകരമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക, പ്രാദേശിക കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം നൽകുക, രോഗികൾക്കു മാനസിക സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക, അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യം മെച്ചപ്പെടുത്തുക, ജനകീയ ആരോഗ്യ കേന്ദ്ര പരിധിയിലുള്ള സ്കൂളുകളുമായി ബന്ധപ്പെട്ട ആരോഗ്യ ക്ലബ്ബുകൾ സജീവമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ജനകീയ ആരോഗ്യ ക്ലബ്ബുകൾ ഏറ്റെടുത്തു നടത്തും.

ജൂലൈ മാസത്തിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന മാർഗരേഖ, ക്ലിനിക്കൽ മാർഗരേഖ എന്നിവ പുറത്തിറക്കി. സംസ്ഥാനത്തെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും നല്കുന്നതിനുള്ള തുക മാറ്റിയിരുത്തിയിട്ടുണ്ട്. ഇതോടെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കും.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- ❖ നവകേരളം കർമപദ്ധതി നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതിയും വിലയിരുത്തലും നടത്തുന്നതിനായി നിരീക്ഷണവും അവലോകനവും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- ❖ 2023 ജൂലൈ 26ന് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ട് ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ❖ പന്ത്രണ്ട് ജില്ലകളിൽ ആഗസ്റ്റ് മാസം ജില്ലാ കളക്ടർമാർ ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം കൂടിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ സെപ്റ്റംബർ മാസം അവലോകന യോഗം കൂടുന്നുണ്ട്.
- ❖ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായിട്ടുള്ള ജില്ലാ മിഷൻ യോഗങ്ങൾ 6 ജില്ലകളിൽ ആഗസ്റ്റ് മാസം യോഗം കൂടിയിട്ടുണ്ട്.
- ❖ തദ്ദേശ സ്ഥാപന തലത്തിലുള്ള മിഷൻ യോഗങ്ങൾ പത്ത് ജില്ലയിലെ 204 തദ്ദേശ സ്ഥാപനങ്ങളിൽ ആഗസ്റ്റ് മാസം നടത്തിയിട്ടുണ്ട്.
- ❖ സംസ്ഥാനതലത്തിൽ വിവിധ പദ്ധതികളുടെ നിരീക്ഷണവും അവലോകനവും നടത്തുന്നതിനായി ഒരു മോണിറ്ററിങ് സെൽ രൂപീകരിച്ചിട്ടുണ്ട്.
- ❖ എല്ലാ മാസം 5ന് സംസ്ഥാന മിഷൻ അംഗങ്ങളും ജില്ലയിലെ കോർഡിനേറ്റർമാരും ഓൺലൈൻ ആയി ഹരിത കേരളം മിഷന്റെ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.
- ❖ ജില്ലാ മിഷൻ യോഗങ്ങൾക്കു മുൻപ് തന്നെ എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് മാസങ്ങളിൽ വിലയിരുത്തിയിട്ടുണ്ട്.